Madhyamam 08.11.2024



സ്വദേശി ശാസ്ത്ര കോൺഗ്രസ് ഐ.സി.എ.ആർ-നാഷനൽ അക്കാദമി ഓഫ് അഗ്രികൾചറൽ റിസർച് മാനേജ്മെന്റ് ഡയറക്ടർ ഡോ. സി.എച്ച്. ശ്രീനിവാസ റാവു ഉദ്ഘാടനം ചെയ്യുന്നു

# സ്വദേശി ശാസ്ത്ര കോൺഗ്രസിന് തുടക്കം

**കൊച്ചി:** കേന്ദ്ര മത്സ്യ സാങ്കേതിക ഗവേഷണ സ്ഥാപനമായ ഐ.സി.എ.ആർ- സിഫ്റ്റിന്റെ സഹകരണത്തോടെ കേരള സ്വദേശി ശാസ്ത്ര പ്രസ്ഥാനം സംഘടിപ്പിക്കുന്ന 31ാമത് സ്വദേശി ശാസ്ത്ര കോൺഗ്രസിന് സിഫ്റ്റിൽ തുടക്കമായി. നവംബർ ഒമ്പതുവരെ നടക്കുന്ന സ്വദേശി ശാസ്ത്ര കോൺഗ്രസിന്റെ ഈ വർഷത്തെ വിഷയം 'നെറ്റ് സീറോ എമിഷൻ: സമീപനങ്ങളും തന്ത്രങ്ങളും' എന്നതാണ്.

ഹൈദരാബാദിലെ നാഷനൽ അക്കാദമി ഓഫ് അഗ്രികൾചറൽ റിസർച് മാനേജ്മെന്റിലെ ഡയറക്ടർ ഡോ. .എച്ച്. ശ്രീനിവാസ റാവു ഉദ്ഘാടനം നിർവഹിച്ചു. ഐ.സി.എ.ആർ-സിഫ്റ്റ് ഡയറക്ടർ ഡോ. ജോർജ് നൈനാൻ അധ്യക്ഷത വഹിച്ചു.

ഡോ. എം. പ്രഭാകർ മുഖ്യപ്രഭാഷണം നടത്തി. കാലിക്കറ്റ് യൂനിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. പി. രവീന്ദ്രൻ, ഡോ. നികിത ഗോപാൽ, ഡോ. സി.എൻ. ദിനേശ്, രാജീവ് സി. നായർ, ഡോ. കെ. മുരളീധരൻ എന്നിവർ സംസാരിച്ചു.